കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെങ്കള ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ബി.ഒ.ടി ബസ്സ്റ്റാൻഡ് നടത്തിപ്പിന് ചുമതല കൈമാറാൻ അനുമതി നൽകി - ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 36/15/തസ്വഭവ തിരുവനന്തപുരം, തീയതി : 07.01.2015.

---

പരാമർശം - 1. ചെങ്കള ഗ്രാമപഞ്ചായത്തിന്റെ 07/07/14 തീയതി നടന്ന സാധാരണ മീറ്റിംഗിലെ 68/14 -ാം നമ്പർ തീരുമാനം.
2. കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17/07/14 തീയതിയിലെ ബി4-4584/14 നമ്പർ കത്ത്.

ഉത്തരവ്

ചെങ്കള ഗ്രാമപഞ്ചായത്തിന്റെ ബി.ഒ.റ്റി ബസ്സ്റ്റാന്റിന്റെ കൺസഷണർ ആയ ശ്രീ.സി.അബ്ദുള്ള പ്രായാധിക്യം മൂലം ടി പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ സർക്കാർ അനുമതിയോടു കൂടി നടപ്പാക്കിയ പ്രസ്തുത പദ്ധതി പുതിയ കൺസഷണറെ കണ്ടെത്തി നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അനുബന്ധ കരാറുണ്ടാക്കി മുന്നോട്ട് കൊണ്ട് പോകുന്നതിനുള്ള സൂചന ഒന്നിലെ പഞ്ചായത്ത് തീരുമാനം സൂചന (2) പ്രകാരം കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചെങ്കള ഗ്രാമപഞ്ചായത്തിലെ ബി.ഒ.റ്റി ബസ്സ്റ്റാൻറ് പദ്ധതി നിലവിലുള്ള കൺസഷണർക്ക് പ്രസ്തുത പദ്ധതി നടത്തിപ്പുമായി മുന്നോട്ട് പോകാൻ ബുദ്ധിമുട്ട് അറിയിച്ച സാഹചര്യത്തിൽ നിലവിലുള്ള എഗ്രിമെൻറ് വ്യവസ്ഥകൾക്ക് വിധേയമായി മാത്രം പുതിയ

കൺസഷണറെ കണ്ടെത്തി അനുബന്ധ കരാറുണ്ടാക്കി കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സി. വത്സല
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി,ചെങ്കളഗ്രാമപഞ്ചായത്ത്, കാസർഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ